**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 209** **18-03-2015-ലെ മറുപടിയ്ക്ക്**

**നിക്ഷേപ താൽപര്യ സംരക്ഷണ നിയമം**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. ബെന്നി ബഹനാൻ**<br>**ശ്രീ. ആർ. സെൽവരാജ്** | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് നിക്ഷേപ താൽപര്യ സംരക്ഷണ നിയമം നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; | (എ) കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുന്നവരുടെ താല്പര്യം സംരക്ഷിക്കുന്നതിനും അതുമായി ബന്ധപ്പെട്ട സംഗതികൾക്കുംവേണ്ടി കേരള നിയമസഭ '2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ' പാസ്സാക്കിയിരുന്നു. ഈ ബില്ലിന് 2015 ജനുവരി 31-ാം തീയതി ബഹു. രാഷ്ട്രപതിയുടെ അനുമതി ലഭിച്ചതിനെത്തുടർന്ന് 2015 ഫെബ്രുവരി 16-ാം തീയതിയിലെ 364-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനപ്രകാരം സംസ്ഥാനത്ത് '2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ആക്ട്' പ്രാബല്യത്തിൽ വന്നു. ടി നിയമം നടപ്പിലാക്കാൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) നിക്ഷേപ താല്പര്യ സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്തി യിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) നിക്ഷേപകരുടെ താല്പര്യസംരക്ഷണ ത്തിനായി 2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ആക്ടിൽ (2015 -ലെ 7 ) താഴെപ്പറയുന്ന വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;-<br><br>**1)** കാലാവധി പൂർത്തിയായതിനുശേഷം ഏതെങ്കിലും ധനകാര്യ സ്ഥാപനം നിക്ഷേപങ്ങൾ മടക്കി നൽകുന്നതിൽ വീഴ്ച വരുത്തുകയോ നിക്ഷേപത്തിന്മേൽ പലിശ നൽകുന്നതിൽ വീഴ്ച വരുത്തുകയോ നിക്ഷേപം |

സേവനത്തിന് വേണ്ടിയോ വസ്തുക്കൾ
നൽകുന്നതിനുവേണ്ടിയോ ആകുന്നിടത്ത്
അത്തരം സേവനം അഥവാ വസ്തുക്കൾ
നൽകുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യതായി
നിരവധി നിക്ഷേപകരിൽനിന്നും സർക്കാരിന്
പരാതി ലഭിക്കുന്ന സംഗതിയിൽ, അല്ലെങ്കിൽ,
ഏതെങ്കിലും ധനകാര്യസ്ഥാപനം നിക്ഷേപകരെ
വഞ്ചിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി
കരുതിക്കൂട്ടി പ്രവർത്തിക്കുന്നു എന്ന് സർക്കാരിന്
വിശ്വസിക്കാൻ തക്കതായ കാരണം ഉള്ള
സംഗതിയിൽ, ആ ധനകാര്യസ്ഥാപനം
നിക്ഷേപങ്ങൾ മടക്കി നൽകുവാനോ പലിശ
നൽകുവാനോ സേവനം നൽകുവാനോ വസ്തുക്കൾ
നൽകുവാനോ സാദ്ധ്യതയില്ലെന്ന് സർക്കാരിന്
ബോദ്ധ്യപ്പെടുന്ന പക്ഷം, അങ്ങനെയുള്ള
ധനകാര്യസ്ഥാപനത്തിലെ നിക്ഷേപകരുടെ
താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി,
സർക്കാരിന്, ആ ധനകാര്യ സ്ഥാപനം
ശേഖരിച്ച നിക്ഷേപങ്ങളിൽ നിന്നും
അതുമുഖേനയും ആ ധനകാര്യ സ്ഥാപനത്തിന്റെ
പേരിലോ മറ്റ് ഏതെങ്കിലും ആളുടെയോ
സ്ഥാപനത്തിന്റെയോ പേരിലോ വാങ്ങിയ
ഏതെങ്കിലും വസ്തുക്കളോ ആ ധനകാര്യ
സ്ഥാപനത്തിന്റെ പേരിലോ അല്ലെങ്കിൽ
മറ്റാരുടെയെങ്കിലും പേരിലോ സമാഹരിച്ചതായി
ആരോപിക്കപ്പെടുന്ന പണമോ വസ്തുക്കളോ,
അത്തരം പണമോ വസ്തുക്കളോ ജപ്തി
ചെയ്യുന്നതിന് ലഭ്യമല്ലെങ്കിലോ, നിക്ഷേപങ്ങൾ
മടക്കി നൽകുന്നതിന് മതിയാകുകയില്ല എന്നോ
അതിന് ന്യായമായും തോന്നുന്നുവെങ്കിൽ, പ്രസ്തുത
ധനകാര്യസ്ഥാപനത്തിന്റെയോ പ്രസ്തുത
ധനകാര്യസ്ഥാപനത്തിന്റെ പ്രൊമോട്ടർ,
പാർട്ട്ണർ, ഡയറക്ടർ, മാനേജർ അല്ലെങ്കിൽ
അംഗം എന്നിവരുടെയോ വസ്തുക്കൾ അല്ലെങ്കിൽ
ആ ധനകാര്യ സ്ഥാപനത്തിൽ നിന്ന് പണം കടം
വാങ്ങി തിരികെ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ
ഒരു ആളിൽ നിന്നും അയാളുടെ വീഴ്ചയുടെ
വ്യാപ്തിയോളവും അല്ലെങ്കിൽ ആരുടെ
പേരിലാണോ ധനകാര്യസ്ഥാപനം ശേഖരിച്ച
നിക്ഷേപങ്ങളിൽ നിന്നും അതുമുഖേനയും
വസ്തുക്കൾ വാങ്ങിയിട്ടുള്ളത്, ആ ആളുടെ
അങ്ങനെയുള്ള മറ്റേതെങ്കിലും വസ്തുക്കളോ,
സർക്കാരിന് യുക്തമെന്നു തോന്നുന്ന രീതിയിൽ,

ജപ്തി ചെയ്തുകൊണ്ടുള്ള ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കാവുന്നതും പ്രസ്തുത പണം അല്ലെങ്കിൽ വസ്തുക്കൾ എന്നിവയ്ക്ക് മേലുള്ള നിയന്ത്രണം ക്ഷമതയുള്ള അധികാര സ്ഥാനത്തിന് കൈമാറാവുന്നതുമാണ് എന്ന് ആക്റ്റിന്റെ 3-ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുണ്ട്.

**(2)** പ്രസ്തുത നിയമമനുസരിച്ച് ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം, നിക്ഷേപകർക്ക് നൽകേണ്ട മുഴുവൻ തുകയും, പലിശ സഹിതമോ അല്ലാതെയോ, തിരിച്ചുനൽകപ്പെടുന്ന പക്ഷം, പ്രോസിക്യൂഷൻ നടപടികൾ തുടങ്ങുന്നതിന് മുമ്പാണെങ്കിൽ ക്ഷമതയുള്ള അധികാരസ്ഥാനത്തിന് രാജിയാക്കാവുന്നതും പ്രോസിക്യൂഷൻ നടപടികൾ തുടങ്ങിയശേഷമാണെങ്കിൽ പ്രത്യേക കോടതിയുടെ അനുവാദത്തോടുകൂടി ക്ഷമതയുള്ള അധികാരസ്ഥാനത്തിന് രാജിയാക്കാവുന്നതുമാണെന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്.

**(3)** ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി, ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ സമ്മതത്തോടുകൂടി, ഗസറ്റ് വിജ്ഞാപനം വഴി, അതിൽ വിനിർദ്ദേശിച്ചേക്കാവുന്ന പ്രദേശത്തിനോ പ്രദേശങ്ങൾക്കോ, കേസിനോ കേസുകൾക്കോ വേണ്ടി ജില്ലാ-സെഷൻസ് ജഡ്ജിയുടെ പദവിയിലുള്ള ഒരു ജഡ്ജിയോടുകൂടിയ ഒന്നോ അതിലധികമോ പ്രത്യേക കോടതികൾ സ്ഥാപിക്കുവാൻ ആക്റ്റിന്റെ 7-ാം വകുപ്പ് സർക്കാരിന് അധികാരം നൽകുന്നു. കൂടാതെ ആക്റ്റിലെ വ്യവസ്ഥകൾ ബാധകമായിട്ടുള്ളതും മറ്റ് ഏതെങ്കിലും കോടതിയിൽ നിലവിലിരിക്കുന്നതുമായ ഏതൊരു കേസും പ്രത്യേക കോടതി സ്ഥാപിക്കുന്ന തീയതി മുതൽ അതിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടേണ്ടതാണെന്നുള്ള വ്യവസ്ഥ കൂടി 7-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(4)** ഒരു ധനകാര്യ സ്ഥാപനത്തിന്റെയോ അല്ലെങ്കിൽ 3-ാം വകുപ്പിൽ പ്രസ്താവിച്ച ഏതെങ്കിലും ആളുടെയോ ജപ്തിക്ക് ലഭ്യമായ ആസ്തിയുടെ മൂല്യം ആ ധനകാര്യ സ്ഥാപനത്തിലെ നിക്ഷേപകർക്ക് തിരികെ

നൽകുവാനുള്ള തുക അഥവാ മൂല്യത്തിനേക്കാൾ കുറവാണ് എന്നു കാണുകയും ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് മുൻപോ അതിനുശേഷമോ അത്തരം ധനകാര്യ സ്ഥാപനം അഥവാ ആൾ ഉത്തമവിശ്വാസത്തിലല്ലാതെയും പ്രതിഫലത്തോടെയും ഏതെങ്കിലും വസ്തു കൈമാറ്റം ചെയ്തതായി വിശ്വസിക്കത്തക്ക മതിയായ കാരണം ഉണ്ടെന്ന് പ്രത്യേക കോടതിക്ക് സത്യവാങ്മൂലം മുഖേനയോ മറ്റേതെങ്കിലും രീതിയിലോ ബോധ്യപ്പെടുകയും ചെയ്താൽ, പ്രത്യേക കോടതിക്ക്, അത്തരം വസ്തുവിന്റെ കൈമാറ്റം ലഭിച്ച ഏതെങ്കിലും സ്ഥാപനത്തെ അഥവാ ആളെ, അത് ധനകാര്യസ്ഥാപന ത്തിൽനിന്നോ ആളിൽനിന്നോ നേരിട്ടോ അല്ലാതെയോ ആണ് ലഭിച്ചത് എന്നിരുന്നാലും, ഒരു നോട്ടീസ് മുഖേന, നോട്ടീസിൽ നിർദ്ദേശിച്ചേക്കാവുന്ന ദിവസം ഹാജരാകുവാനും കൈമാറ്റം ലഭിച്ച വസ്തുവിന്റെ കമ്പോള വിലയ്ക്ക് തത്തുല്യമായ തുകയ്ക്കുള്ള വസ്തു കൈമാറ്റം ലഭിച്ച സ്ഥാപനത്തിന്റെ അഥവാ ആളുടെ വസ്തുക്കളിൽ നിന്ന് ജപ്തി ചെയ്യാതിരിക്കുവാനുമുള്ള കാരണം കാണിക്കുവാനും ആവശ്യപ്പെടാവുന്നതാണ് എന്നും മേൽ പ്രസ്താവിച്ച രീതിയിൽ കൈമാറ്റം ലഭിച്ച സ്ഥാപനം അഥവാ ആൾ നിശ്ചയിച്ച തീയതിയിൽ ഹാജരാകാതിരിക്കുകയോ കാരണം കാണിക്കാതിരിക്കുകയോ അല്ലെങ്കിൽ 8-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടുള്ള ഒരു അന്വേഷണത്തിന് ശേഷമോ, കൈമാറ്റം കിട്ടിയ സ്ഥാപനത്തിന് അഥവാ ആൾക്ക് ലഭിച്ച വസ്തുവിന്റെ കൈമാറ്റം ഉത്തമവിശ്വാസത്തിലല്ലാതെയും പ്രതിഫലത്തിനുവേണ്ടിയും ആയിരുന്നു എന്ന് പ്രത്യേക കോടതിക്ക് ബോദ്ധ്യമാകുന്ന പക്ഷം, കൈമാറ്റം ചെയ്യപ്പെട്ട വസ്തുവിന്റെ കമ്പോള വിലയ്ക്ക് തത്തുല്യമായ അത്രയും തുകയ്ക്കുള്ളത് എന്ന് പ്രത്യേക കോടതിക്ക് അഭിപ്രായമുള്ള, കൈമാറ്റം ലഭിച്ച സ്ഥാപനത്തിന്റെ അഥവാ ആളുകളുടെ വസ്തുക്കൾ ജപ്തി ചെയ്യുവാൻ പ്രത്യേക കോടതി ഉത്തരവിടേണ്ടതാണ് എന്നും 9-ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുണ്ട്.

(5) പ്രത്യേക കോടതിയിൽ കേസ് നടത്തുന്നതിനുവേണ്ടി, ഓരോ പ്രത്യേക കോടതിയിലേയ്ക്കും പത്ത് വർഷത്തിൽ കുറയാത്ത സേവന പരിചയമുള്ള ഒന്നോ അതിലധികമോ അഭിഭാഷകരെ, സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി, സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, നിയമിക്കേണ്ടതാണെന്ന് ആക്ടിന്റെ 13-ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുണ്ട്.

**(സി)** പ്രസ്തുത നിയമം ലംഘിക്കുന്നവർക്കെതിരെ എന്തെല്ലാം ശിക്ഷകളാണ് വ്യവസ്ഥചെയ്തിട്ടുള്ളത്;

**(സി)** ഏതെങ്കിലും ധനകാര്യസ്ഥാപനം നിക്ഷേപങ്ങൾ തിരികെ നല്കുന്നതിൽ വീഴ്ച വരുത്തുകയോ നിക്ഷേപത്തിന്മേൽ പലിശ നല്കുന്നതിൽ വീഴ്ച വരുത്തുകയോ നിക്ഷേപം സേവനത്തിനോ വസ്തുക്കൾക്കോ വേണ്ടി വ്യവസ്ഥചെയ്യുന്നതാണെങ്കിൽ നിക്ഷേപം നടത്തപ്പെട്ട അങ്ങനെയുള്ള സേവനമോ വസ്തുക്കളോ നല്കുന്നതിൽ പരാജയപ്പെടുകയോ ചെയ്താൽ ധനകാര്യസ്ഥാപനത്തിന്റെ കാര്യങ്ങളുടെ നടത്തിപ്പിന് ചുമതലപ്പെട്ട ഓരോ ആളും, കുറ്റസ്ഥാപനത്തിന്മേൽ, 10 വർഷംവരെ ആകാവുന്ന തടവും ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതും കൂടാതെ അത്തരം ധനകാര്യസ്ഥാപനം ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴ നല്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ് എന്ന് ആക്ടിന്റെ 5 -ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുണ്ട്.

**(ഡി)** നിയമം നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും അറിയിക്കാമോ ?

**(ഡി)** '2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ആക്ട്' 2015 ഫെബ്രുവരി 16-ാം തീയതിയിലെ 364-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനപ്രകാരം സംസ്ഥാനത്ത് നിലവിൽ വന്നിട്ടേയുള്ളൂ. നിയമം നടപ്പിലാക്കാനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**